REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-08-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- വയനാട് ദുരന്തത്തിൽ കാണാതായവർക്കായി ആറാം ദിവസത്തെ തെരച്ചിൽ പുരോഗമിക്കുന്നു. തിരിച്ചറിയാൻ കഴിയാത്തവരുടെ മൃതദേഹങ്ങൾ ഇന്ന് പുത്തുമലയിൽ സംസ്കരിക്കും.
- വയനാട്ടിലെ ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുന്നതിന്റെ നിയമവശങ്ങൾ ഗവൺമെന്റ് പരിശോധിക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.
- വയനാട്ടിലെ മഹാ ദുരന്തത്തിൽ പൊലീസും അഗ്നി ശമന സേനാംഗങ്ങളും അങ്ങേയറ്റം അഭിനന്ദനാർഹമായ പ്രവർത്തനമാണ് കാഴ്ചവെച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- വയനാട്ടിൽ ഉരുൾപൊട്ടൽ മേഖലയിൽ വീണ്ടും താമസിക്കാൻ ആരെയും അനുവദിക്കരുതെന്ന് പ്രതിപക്ഷ നേതാവ് V.D. സതീശൻ.
- ഇന്ത്യാ - ശ്രീലങ്കാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.

## വാർത്തകൾ വിശദമായി

വയനാട് ദുരന്തത്തിൽ കാണാതായവർക്കായി ആറാം ദിവസമായ ഇന്നും തെരച്ചിൽ തുടരുന്നു. മുണ്ടക്കൈ, ചൂരൽമല, പുഞ്ചിരിമട്ടം എന്നിവയടക്കം അഞ്ചിടങ്ങൾ

കേന്ദ്രീകരിച്ചാണ് തെരച്ചിൽ പുരോഗമിക്കുന്നത്. ഇതിനു പുറമെ വനമേഖലയോട് അടുത്ത ചാലിയാർ പുഴയുടെ തീരങ്ങളിലും തെരച്ചിൽ ആരംഭിച്ചു.

വയനാട് ദുരന്തത്തിൽ ഇതുവരെ തിരിച്ചറിയാൻ കഴിയാത്തവരുടെ മൃതദേഹങ്ങൾ ഇന്ന് പുത്തുമലയിൽ ഹാരിസൺ മലയാളം പ്ലാന്റേഷന്റെ സ്ഥലത്ത് സംസ്കരിക്കും.

ഡെസ്ക് റിപ്പോർട്ട്

............വോയ്സ്........

മൃതദേഹങ്ങൾ സമീപ പഞ്ചായത്തുകളിലെ പൊതുശ്മശാനങ്ങളിൽ സംസ്കരിക്കാനായിരുന്നു ആദ്യ തീരുമാനം.

എതിർപ്പ് ഉയർന്നതോടെയാണ് ഹാരിസൺ മലയാളത്തിന്റെ ഭൂമിയിലേക്ക് മാറ്റിയത്. ഇതുസംബന്ധിച്ച സംസ്ഥാന ഗവൺമെന്റ് ഉത്തരവ് ഉടൻ ഇറങ്ങും.

സർവമത പ്രാർത്ഥനയോടെ ഇന്ന് 67 മൃതദേഹങ്ങൾ അവിടെ സംസ്കരിക്കും.

വയനാട് ദുരന്തത്തിന്റെ ആറാം നാളായ ഇന്നും തിരച്ചിൽ തുടരുകയാണ്. 219 പേരുടെ മരണമാണ് സംസ്ഥാന ഗവൺമെന്റ് ഔദ്യോഗികമായി സ്ഥിരീകരിച്ചത്. ഇതിൽ 98 പേർ പുരുഷന്മാരും 90 പേർ സ്ത്രീകളും 31 പേർ കുട്ടികളുമാണ്. എന്നാൽ മരണ സംഖ്യ 365 ആണെന്ന് സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകൾ പറയുന്നു. 152 മൃതദേഹങ്ങൾ ബന്ധുക്കൾ തിരിച്ചറിഞ്ഞു. 147 ശരീര

ഭാഗങ്ങളും കണ്ടെത്തിയിട്ടുണ്ട്. 206 പേരെ ഇനിയും കണ്ടെത്താനുണ്ടെന്നാണ് ഒദ്യോഗിക കണക്ക്. മുണ്ടക്കൈ, ചൂരൽമല, പുഞ്ചിരിമട്ടം പ്രദേശങ്ങളിലും ചാലിയാറിലും ഇന്നും വ്യാപകമായ തിരച്ചിൽ നടക്കുന്നുണ്ട്.

✪✪✪

വയനാട്ടിലെ ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുന്നതിന്റെ നിയമവശങ്ങൾ കേന്ദ്ര ഗവൺമെന്റ് പരിശോധിക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. ഉരുൾപൊട്ടലുണ്ടായ ചൂരൽമല, മുണ്ടക്കൈ, പുഞ്ചിരിമട്ടം പ്രദേശങ്ങൾ സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബെയ്‌ലി പാലത്തിലൂടെ കടന്നുപോയ വാഹനത്തിൽ സുരേഷ് ഗോപി മുണ്ടക്കൈ, പുഞ്ചിരിമട്ടം പ്രദേശങ്ങൾ ഇപ്പോൾ സന്ദർശിക്കുകയാണ്. രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്ന സൈനിക ഉദ്യോഗസ്ഥരുമായി അദ്ദേഹം സംസാരിച്ചു. ദുരന്തസ്ഥലത്ത് സന്ദർശനത്തിൽ ബോധ്യമാകുന്ന കാര്യങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും സംസ്ഥാനമാണ് ദുരന്തത്തിന്റെ വ്യാപ്തി സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതെന്നും സുരേഷ് ഗോപി പറഞ്ഞു. സാധ്യമായ എല്ലാ സഹായങ്ങളും നൽകുമെന്നും അദ്ദേഹം ഉറപ്പു നൽകി.

ദുരന്തത്തിൽപ്പെട്ടവരുടെ കൃത്യമായ കണക്ക് ഗവൺമെന്റിനും ലഭിക്കാൻ സാധ്യതയില്ലാത്തതിനാൽ ISRO ചെയർമാനുമായി സംസാരിച്ച് ഉപഗ്രഹ മാപ്പിങ് ഉൾപ്പെടെ

സംവിധാനങ്ങൾ പരിശോധിക്കും. ത്യാഗപൂർണമായ രക്ഷാപ്രവർത്തനം നടത്തിയവരെ വണങ്ങുന്നുവെന്നും ദുരിതബാധിതരുടെ മാനസിക ആരോഗ്യത്തിനും പുനരധിവാസത്തിനുമാണ് ഇപ്പോൾ പ്രാധാന്യം നൽകേണ്ടതെന്നും അദ്ദേഹം അറിയിച്ചു. എല്ലാ കാര്യങ്ങളും കേന്ദ്രം വിലയിരുത്തുന്നുണ്ടെന്നും സുരേഷ് ഗോപി പറഞ്ഞു.

✪✪✪

വയനാട് ചൂരൽമലയിലുണ്ടായത് മഹാദുരന്തമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേന്ദ്രം നന്നായി സഹായിച്ചുവെന്നും പുനർനിർമാണത്തിനായി എല്ലാവർക്കും ഒരുമിച്ച് കൈകോർക്കാമെന്നും അദ്ദേഹം അറിയിച്ചു. പ്രളയത്തെ അതിജീവിച്ചതു പോലെ ഈ ദുരന്തത്തെ നേരിടാനും ഒരുമിച്ച് പ്രവർത്തിക്കാമെന്ന് മുഖ്യമന്ത്രി സ്വകാര്യ ചാനലിനോട് പറഞ്ഞു.

✪✪✪

വയനാട്ടിലെ മഹാ ദുരന്തത്തിൽ പൊലീസും അഗ്നി ശമന സേനാംഗങ്ങളും അങ്ങേയറ്റം അഭിനന്ദനാർഹമായ പ്രവർത്തനമാണ് കാഴ്ചവെച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മികച്ച വിദ്യാഭ്യാസം ലഭിച്ച സേനാംഗങ്ങളുടെ കടന്നുവരവ് പൊലീസ് സേനയുടെ മികവ് ഇനിയും മെച്ചപ്പെടുത്തുമെന്ന് അദ്ദേഹം പറഞ്ഞു.

തൃശൂരിൽ കേരളാ പൊലീസ് അക്കാദമിയിലെ പരിശീലനം പൂർത്തിയാക്കിയ 410 സേനാംഗങ്ങളുടെ പാസ്സിംഗ് ഔട്ട്

പരേഡിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

വയനാട്ടിൽ ഉരുൾപൊട്ടൽ ഉണ്ടായ സ്ഥലത്ത് വീണ്ടും താമസിക്കാൻ പ്രദേശവാസികളെ ഒരു തരത്തിലും അനുവദിക്കരുതെന്ന് പ്രതിപക്ഷ നേതാവ് V.D. സതീശൻ പറഞ്ഞു. അങ്ങോട്ട് മടങ്ങുന്നത് വീണ്ടും ജീവിതത്തെ തുലാസിലാക്കുന്നതിന് സമാനമാണെന്ന് പ്രതിപക്ഷ നേതാവ് സ്വകാര്യ ചാനലിനോട് വ്യക്തമാക്കി. മറ്റൊരു സ്ഥലം കണ്ടെത്തി ദുരന്ത ബാധിതരെ പുനഃരധിവസിപ്പിക്കണമെന്നും V.D. സതീശൻ കൊച്ചിയിൽ പറഞ്ഞു.

✪✪✪

വയനാട് ദുരന്തത്തിൽ കേരളത്തിലെ മാധ്യമങ്ങൾ അഭിനന്ദാനർഹമായ രീതിയിലാണ് പ്രവർത്തിക്കുന്നതെന്ന് മന്ത്രി വീണാ ജോർജ് വിലയിരുത്തി. റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി കുട്ടികളോട് ദുരന്തത്തിന്റെ വിശദാംശങ്ങൾ ചോദിക്കാതിരിക്കാൻ മാധ്യമ പ്രവർത്തകർ ജാഗ്രത പാലിക്കണമെന്ന് അവർ അഭ്യർത്ഥിച്ചു. കുഞ്ഞുങ്ങളെ തിരിച്ചറിയുന്ന തരത്തിൽ റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ അവരുടെ മാതാപിതാക്കളുടെയോ രക്ഷിതാക്കളുടെയോ അനുമതി തേടണമെന്നും അവർ ആവശ്യപ്പെട്ടു. ദുരന്തത്തിൽ മരിച്ചവരെപ്പറ്റി കുട്ടികളോട് കഴിവതും പറയാതിരിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

✪✪✪

ഷിരൂരിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനായി ഇന്ന് തിരച്ചിൽ ആരംഭിക്കാൻ കഴിഞ്ഞില്ല. അടിയൊഴുക്ക് ശക്തമായതിനാൽ തെരച്ചിൽ ദുഷ്കരമാകുമെന്ന് വിലയിരുത്തി ജില്ലാ ഭരണകൂടം അനുമതി നിഷേധിക്കുകയായിരുന്നു.

✪✪✪

അർജുന്റെ കോഴിക്കോട്ടെ വീട്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നെത്തും. ഉച്ചയോടെ കണ്ണാടിക്കലിലെ വീട്ടിലെത്തുന്ന മുഖ്യമന്ത്രി കുടുംബാംഗങ്ങളെ സമാശ്വസിപ്പിക്കും.

✪✪✪

അടുത്ത എട്ടു വർഷങ്ങളിൽ ഇന്ത്യയിലെ 20 ശതമാനം പ്രദേശങ്ങളിൽ ജൈവകൃഷി കൊണ്ടുവരാനാകുമെന്ന് നിതി ആയോഗ് അംഗവും കാർഷിക സാമ്പത്തിക വിദഗ്ധരുടെ 32-ാമത് രാജ്യന്തര കോൺഫറൻസ് ചെയർപേഴ്സനുമായ പ്രൊഫ.രമേഷ് ചന്ദ് ആകാശവാണിയോട് പറഞ്ഞു. പ്രകൃതി കൃഷിക്കും ജൈവ കൃഷിക്കും പ്രാധാന്യം നൽകി ഉൽപാദന ക്ഷമത വർധിപ്പിക്കാൻ ശാസ്ത്രത്തെ പ്രയോജനപ്പെടുത്തണമെന്ന് പ്രൊഫ.രമേഷ് ചന്ദ് ആവശ്യപ്പെട്ടു.

✪✪✪

ഇന്നലെ അന്തരിച്ച പ്രമുഖ നർത്തകി യാമിനി കൃഷ്ണമൂർത്തിയുടെ ഭൗതിക ശരീരം ന്യൂഡൽഹി ഹൗസ്ഖാസിലെ നൃത്തവിദ്യാലയത്തിൽ പൊതുദർശനത്തിന്

വെച്ചു. സംസ്കാരം പിന്നീട് തീരുമാനിക്കുമെന്ന് ബന്ധുക്കൾ അറിയിച്ചു. അനാരോഗ്യം മൂലം ചികിത്സയിലായിരുന്ന യാമിനി ഇന്നലെ വൈകിട്ട് ഡൽഹിയിലാണ് അന്തരിച്ചത്. അവർക്ക് 84 വയസ്സായിരുന്നു.

✪✪✪

കനത്ത മഴയിൽ ഇടുക്കി, മുല്ലപ്പെരിയാർ അണക്കെട്ടുകളിൽ ജലനിരപ്പ് ഉയർന്നു. കഴിഞ്ഞ വർഷത്തേക്കാൾ 35 അടിയിലധികം വെള്ളമാണ് ഇടുക്കിയിൽ മാത്രം വർദ്ധിച്ചത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ

...........വോയ്സ്...........

✪✪✪

പാരീസ് ഒളിമ്പിക്സിൽ ഇന്ത്യയ്ക്കിന്ന് നിർണായക മത്സരങ്ങളുടെ ദിവസമാണ്. ബാഡ്മിന്റണിൽ ഫൈനൽ പ്രതീക്ഷയുമായി ലക്ഷ്യാ സെന്നും ബോക്സിങ്ങിൽ സെമി പ്രതീക്ഷയുമായി ലവ് ലീന ബോർഗോഹെയ്നും ഇന്ന് മത്സരത്തിനിറങ്ങും. പുരുഷ ഹോക്കി ക്വാർട്ടർ ഫൈനലിൽ ഇന്ത്യ ഇന്ന് ബ്രിട്ടനെ നേരിടും. സെയിലിങ്ങിൽ പുരുഷൻമാരുടെ ഡിങ്കി വിഭാഗത്തിൽ  വിഷ്ണു ശരവണും, വനിതകളുടെ ഡിങ്കി വിഭാഗത്തിൽ നേത്ര കുമാനാനും ഇന്ന് മത്സരത്തിനിറങ്ങും.

✪✪✪

ഇന്ത്യാ - ശ്രീലങ്കാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. കൊളംബോയിൽ പ്രേമദാസ സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് രണ്ടരയ്ക്കാണ് മത്സരം. മൂന്നു മത്സര പരമ്പരയിലെ ആദ്യ മത്സരം സമനിലയിൽ പിരിയുകയായിരുന്നു.

✪✪✪

ഡ്യൂറൻഡ് കപ്പ് ഫുട്ബോൾ ഗ്രൂപ്പ് C-യിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് പഞ്ചാബ് FC-യെ നേരിടും. കൊൽക്കത്തയിൽ വൈകിട്ട് നാലിനാണ് മത്സരം.

✪✪✪

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മാറ്റിവെച്ച നെഹ്റു ട്രോഫി വള്ളം കളി ഈ മാസം അവസാനം നടത്തണമെന്ന് കേരള ബോട്ട് ക്ലബ് അസോസിയേഷൻ ആവശ്യപ്പെട്ടു. വള്ളം കളി മാറ്റിയതിനോട് പൂർണമായി യോജിക്കുന്നുണ്ടെന്നും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പൂർണ പിന്തുണ നൽകുന്നുണ്ടെന്നും അസോസിയേഷൻ അറിയിച്ചു. എന്നാൽ പരിശീലനത്തിന് ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച ക്ലബുകൾ പ്രതിസന്ധിയിലാണെന്നും മത്സരം വൈകുന്നത് അവരെ ദോഷകരമായി ബാധിക്കുമെന്നും അസോസിയേഷൻ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെ ന്യൂനമർദ്ദ പാത്തിയുടെ

ഫലമായാണ് മഴ കനക്കുന്നത്. ആറ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് മഞ്ഞ ജാഗ്രത നൽകിയിട്ടുള്ളത്.

✪✪✪

കോഴിക്കോട് ജില്ലയിൽ മഴ കുറഞ്ഞ് വെള്ളം ഇറങ്ങിയതിനെ തുടർന്ന് 17 ദുരിതാശ്വാസ ക്യാംപുകൾ കൂടി ഒഴിവാക്കി. ഇപ്പോൾ 26 ക്യാംപുകളിലായി 1,642 പേരാണ് ജില്ലയിൽ കഴിയുന്നത്.

ഉരുൾപൊട്ടലുണ്ടായ വടകര-വിലങ്ങാട് ഭാഗത്തെ 268 കുടുംബങ്ങളെ മൂന്ന് ക്യാമ്പുകളിലായി മാറ്റിത്താമസിപ്പിച്ചിട്ടുണ്ട്. മന്ത്രി P.A മുഹമ്മദ്റിയാസ് ഇന്ന് വിലങ്ങാട് ഉരുൾപൊട്ടൽ പ്രദേശത്തെത്തും.

✪✪✪

കോഴിക്കോട് ജില്ലയിലെ ക്ഷീരകർഷകർക്കും സ്നേഹസ്പർശം പരിപാടി നടപ്പാക്കാൻ കേരളാ ഫീഡ്സ് നടപടി ആരംഭിച്ചു. കാലിത്തീറ്റയും ധാതുലവണ മിശ്രിതവും സമ്പുഷ്ടീകരിച്ച വൈക്കോൽ കട്ടകളും കർഷകർക്ക് വിതരണം ചെയ്യും. നേരത്തെ ചൂരൽമലയിലും വയനാട് ജില്ലയിലെ മറ്റ് ദുരന്ത മേഖലകളിലും അടിവാരത്തും കാലത്തീറ്റ എത്തിച്ചു നൽകിയിരുന്നു.

✪✪✪

ആറ്റിങ്ങൽ MLA, O.S അംബികയുടെ മകൻ വിനീത് വാഹനാപകടത്തിൽ അന്തരിച്ചു. തിരുവനന്തപുരത്ത് നിന്നും

ആറ്റിങ്ങലിലേക്ക് വരുന്നതിനിടെ പുലർച്ചെ കണിയാപുരത്തായിരുന്നു അപകടം.

✪✪✪

സംസ്ഥാന വിവരാവകാശ കമ്മീഷൻ കോഴിക്കോട് ജില്ലയിലെ പഞ്ചായത്ത് തല ഉദ്യോഗസ്ഥർക്കായി ആഗസ്റ്റ് 6 ന് നടത്താൻ നിശ്ചയിച്ച വിവരാവകാശ ശില്പശാല മാറ്റി വെച്ചു. കാലവർഷക്കെടുതി കാരണമാണ് മാറ്റം.

✪✪✪